"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണം-പഞ്ചായത്ത് വകുപ്പ് - ജീവനക്കാര്യം - കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 191 പ്രകാരം കോട്ടയം ജില്ലയിലെ ഉദയനാപുരം ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 04/09/2020 ലെ 11(1) നമ്പർ തീരുമാനം റദ്ദ് ചെയ്തു ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇപിഎ)വകുപ്പ്**

സ.ഉ.(സാധാ) നം.1137/2022/LSGD തീയതി,തിരുവനന്തപുരം, 06-05-2022

---

പരാമർശം:- 1. സ.ഉ (സാധാ)നം. 2026/2020/തസ്വഭവ തീയതി 28.10.2020.

2. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള ബഹു. ഓംബുഡ്സ്മാന്റെ 28.03.2022 തീയതിയിലെ പരാതി നമ്പർ (ആർ.സി) 401/2020 നം. ഉത്തരവ്.

**<u>ഉത്തരവ്</u>**

ഐ.എസ്.ഒ നിലവാരത്തിലുള്ള കോട്ടയം ജില്ലയിലെ ഉദയനാപുരം ഗ്രാമപഞ്ചായത്തിൽ നിലവിലുള്ള പാർട്ട് ടൈം സ്വീപ്പർക്ക് പുറമെ 89 ദിവസത്തേക്ക് ദിവസവേതനാടിസ്ഥാനത്തിൽ ഒരാളെകൂടി നിയമിക്കുന്നതിനും നിലവിലുള്ള ജീവനക്കാരിക്കും പുതിയതായി നിയോഗിച്ച ആൾക്കും ജോലി വിഭജിച്ച് നൽകി ഓഫീസ് പൂർണ്ണമായും വൃത്തിയാക്കുന്നതിനുള്ള ക്രമീകരണങ്ങൾ ഏർപ്പെടുത്തുന്നതിനും പുതിയതായി നിയോഗിക്കപ്പെടുന്ന ആൾക്ക് തനത് ഫണ്ടിൽ നിന്ന് വേതനം അനുവദിച്ച് നൽകുന്നതിനും സെക്രട്ടറിയെ ചുമതലപ്പെടുത്തി 04/09/2020 ലെ 11(1) നമ്പർ തീരുമാനം പ്രകാരം ഉദയനാപുരം ഗ്രാമപഞ്ചായത്ത് തീരുമാനിച്ചു. ഉദയനാപുരം ഗ്രാമപഞ്ചായത്തിന്റെ സ്വീപ്പിംഗ് ഏര്യ 800 സ്ക്വയർ മീറ്ററിൽ കുറവായതിനാൽ 25.11.2005 ലെ സ.ഉ(പി) 501/2005/ധന ഉത്തരവ് പ്രകാരം സ്വീപ്പിംഗ് ഏര്യ 800 സ്ക്വയർ മീറ്ററിൽ അധികരിക്കുകയാണെങ്കിൽ ഗവ. അനുമതി ലഭ്യമാക്കി നിയമനവുമായി ബന്ധപ്പെട്ട നടപടികൾ സ്വീകരിക്കാവുന്നതാണെന്ന് ടി തീരുമാനത്തിൻമേൽ പഞ്ചായത്ത് സെക്രട്ടറി അഭിപ്രായപ്പെട്ടു. ഗ്രാമപഞ്ചായത്തിന്റെ 09/09/2020 ലെ 7(1) നമ്പർ തീരുമാനത്തിൽ മേൽ വിഷയം പഞ്ചായത്ത് കമ്മിറ്റി വീണ്ടും പരിഗണിക്കുകയും ശുചിത്വം, മാലിന്യ നിമ്മാർജനം എന്നിവ പരിഗണിച്ച് ദേശീയ ഹരിത ട്രൈബ്യൂണൽ പിഴ ചുമത്തുന്നുണ്ടെന്നും ഈ അവസ്ഥയിൽ 4/9/20 ലെ ഭൂരിപക്ഷ തീരുമാനപ്രകാരം ഒരു പി.റ്റി.എസ് നെ താൽക്കാലികമായി നിയമിക്കുന്ന തീരുമാനത്തിൽ വിയോജിപ്പ് രേഖപ്പെടുത്തിയ സെക്രട്ടറിയും 6 അംഗങ്ങളും വരുംകാലങ്ങളിൽ ഇപ്രകാരം പിഴ ചുമത്തപ്പെടുകയോ പഞ്ചായത്തിൽ നിന്നുള്ള മെച്ചപ്പെട്ട സേവന മാതൃക പരാജയപ്പെടുകയോ ചെയ്താൽ ആയതിന് വ്യക്തിപരമായി ഉത്തരവാദികളായിരിക്കും എന്ന വ്യവസ്ഥയിൻമേൽ തീരുമാനം പുനപരിശോധിക്കാവുന്നതാണെന്നും അല്ലാത്തപക്ഷം മുൻയോഗതീരുമാനം നടപ്പിലാക്കുന്നതിനും ടി യോഗതീരുമാനം നടപ്പിലാക്കുന്നതുമൂലം പഞ്ചായത്തിന്

സാമ്പത്തികനഷ്ടം ഉണ്ടാകുന്ന പക്ഷം ആയത് തീരുമാനം അനുകൂലിച്ച മെമ്പർമാർ ഏറ്റെടുക്കുന്നതിനും തീരുമാനിച്ചു. നിയമനം നടത്തണമെങ്കിൽ സ്വീപ്പിംങ് ഏര്യ പുനർനിർണ്ണയിച്ച് ആയതിന്റെ അടിസ്ഥാനത്തിൽ സർക്കാർ അനുമതി നൽകുന്ന മുറയ്ക്ക് മാത്രമെ പാടുള്ളൂവെന്നും ഇപ്പോഴത്തെ തീരുമാനവും 4/9/20 ലെ തീരുമാനവും സർക്കാരിന്റെ പരിഗണനയ്ക്ക് അയച്ചതിന് ശേഷം ഉണ്ടാകുന്ന നിർദേശങ്ങൾക്കനുസൃതമായി മാത്രമെ നിയമനവുമായി ബന്ധപ്പെട്ട തുടർനടപടികൾ സ്വീകരിക്കാനാകൂ എന്നു സെക്രട്ടറി പ്രസ്തുത തീരുമാനത്തിൻമേൽ അഭിപ്രായപ്പെട്ടു. പഞ്ചായത്തിന്റെ തീരുമാനങ്ങൾ അനന്തരനടപടികൾക്കും തുടർനിർദേശങ്ങൾക്കുമായി ഗ്രാമപഞ്ചായത്ത് സെക്രട്ടറി സർക്കാരിൽ ലഭ്യമാക്കിയിരുന്നു.

2. 25.11.2005 ലെ സ.ഉ(പി) 501/2005/ധന ഉത്തരവ്പ്രകാരം 800 സ്ക്വയർ മീറ്റർ വരെ സ്വീപ്പിംങ് ഏര്യ ഉള്ള ഓഫീസുകളിൽ ഒരു പാർട്ട് ടൈം സ്വീപ്പർ തസ്തിക മാത്രമെ അനുവദനീയമായിട്ടുള്ളൂ. 900 സ്ക്വയർ മീറ്റർ വരെ സ്വീപ്പിംങ് ഏര്യ ഉണ്ടെങ്കിൽ മാത്രമെ ഒരു പാർട്ട് ടൈം സ്വീപ്പർ തസ്തികയക്ക് പുറമെ ഒരു കാഷ്വൽ സ്വീപ്പറെകൂടി നിയമിക്കാൻ വ്യവസ്ഥയുള്ളൂ. ഉദയനാപുരം ഗ്രാമപഞ്ചായത്തിൽ ഒരു കാഷ്വൽ സ്വീപ്പറെ കൂടി ആവശ്യമുണ്ടെങ്കിൽ ഗ്രാമപഞ്ചായത്ത് ഓഫീസിന്റെ സ്വീപ്പിംങ് ഏര്യ പുനർനിർണ്ണയിച്ച് നിലവിലുള്ള വ്യവസ്ഥകൾ പ്രകാരം നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. 11.01.2019 ലെ 3/2019/ധന സർക്കുലർ പ്രകാരം സർക്കാർ അംഗീകൃതമല്ലാത്ത തസ്തികകളിൽ ദിവസ വേതനാടിസ്ഥാനത്തിൽ സർക്കാരിന്റെ മുൻകൂർ അനുമതിയോടു കൂടി മാത്രമേ നിയമനം നടത്താവൂ എന്ന് നിർദേശിച്ചിട്ടുണ്ട്. 09.7.2019 ലെ സ.ഉ(അ) 81/19/ധന ഉത്തരവിലെ 2 (iii) പ്രകാരം സർക്കാർ അംഗീകൃതമല്ലാത്ത തസ്തികകളിൽ ദിവസ വേതനാടിസ്ഥാനത്തിൽ നിയമനം നടത്തേണ്ട സാഹചര്യം വരികയാണെങ്കിൽ സർക്കാരിന്റെ മുൻകൂർ അനുമതിയോടു കൂടി മാത്രമേ നിയമനം നടത്താൻ പാടുള്ളൂ എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ടി സാഹചര്യങ്ങളിൽ സർക്കാരിന്റെ മുൻകൂർ അനുമതി വാങ്ങാതെ ദിവസവേതനത്തിൽ ഒരു പാർട്ട് ടൈം സ്വീപ്പറെ തസ്തികയില്ലാതെ നിയമിക്കാനുള്ള ഉദയനാപുരം ഗ്രാമപഞ്ചായത്തിന്റെ 04/09/2020 ലെ 11(1) നമ്പർ തീരുമാനം നിലവിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായതിനാൽ പ്രസ്തുത തീരുമാനത്തിൻമേൽ 2003 ലെ കേരള പഞ്ചായത്ത് രാജ് (നിയമാനുസൃതമല്ലാത്ത തീരുമാനങ്ങൾക്കെതിരെ സ്വീകരിക്കേണ്ട നടപടിക്രമം) ചട്ടങ്ങൾ 4(4) ന്റെ അടിസ്ഥാനത്തിൽ കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 191 പ്രകാരം പ്രസ്തുത തീരുമാനം റദ്ദ് ചെയ്യുന്നതിന് ബഹു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള ഓംബുഡ്സ്മാന് റഫർ ചെയ്തുകൊണ്ട് പരാമർശം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു.

3. സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള ബഹു. ഓംബുഡ്സ്മാൻ, പരാമർശം (2) പ്രകാരം അന്തിമ ഉത്തരവ് പുറപ്പെടുവിച്ചു. ഗ്രാമപഞ്ചായത്ത് ഓഫീസിൽ പ്രവർത്തിക്കുന്ന സംവിധാനങ്ങളുടെ എണ്ണം എത്രയായാലും മൊത്തം വസ്തുതി 548.83 ചതുരശ്രമീറ്റർ മാത്രമേയുള്ളൂ. 800 ചതുര്രശമീറ്റർ വരെ ഒരു പാർട്ട് ടൈം സ്വീപ്പറുടെ ചുമതലയാണെന്ന് 25-11-2005 -ലെ 501/2005-ാം നമ്പർ സർക്കാർ ഉത്തരവ് നിലനിൽക്കേ പുതിയൊരു തൂപ്പുകാരിയെക്കൂടി നിയമക്കാനുള്ള ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനം മേൽ ഉത്തരവിന് എതിരാണെന്ന് മാത്രമല്ല അപ്രകാരം കൂടുതലായ ഒരു തൂപ്പുകാരിയ്ക്ക് ജോലി ചെയ്യുവാനുള്ള സ്ഥല വിസ്തൃതിയും ഇല്ലാത്തതാണ്. ശമ്പളം തനത് ഫണ്ടിൽ നിന്നാണ് നൽകുന്നതെങ്കിൽ തന്നേയും അത്തരമൊരു ധൂർത്ത് സ്വയംഭരണത്തിന്റെ പേരിൽ അംഗീകരിക്കാനാവില്ല. ഗ്രാമപഞ്ചായത്തിന്റെ തീരുമാനം റദ്ദ് ചെയ്യാവുന്നതും

ചെയ്യേണ്ടതുമാണെന്ന് മറുപടിയായി നൽകിക്കൊണ്ട് റഫറൻസ് തീർപ്പാക്കി ഉത്തരവാകുകയും ഉത്തരവിന്റെ പകർപ്പ് തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയ്ക്കും പഞ്ചായത്ത് ഡയറക്ടർക്കും തിരുവനന്തപുരം ഡെപ്യൂട്ടി ഡയറക്ടർ ഓഫ് പഞ്ചായത്തിനും നൽകുവാനും ബഹു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള ബഹു. ഓംബുഡ്സ്മാൻ ഉത്തരവായിരുന്നു.

4. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള ബഹു. ഓംബുഡ്സ്മാന്റെ പരാമർശം (2) ഉത്തരവിന്റെ അടിസ്ഥാനത്തിൽ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ സെക്ഷൻ 191 പ്രകാരം ഉദയനാപുരം ഗ്രാമപഞ്ചായത്തിന്റെ 04/09/2020 ലെ 11(1) നമ്പർ തീരുമാനം റദ്ദ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഷൈജ സി ജി
ഡെപ്യൂട്ടിസെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം.

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം.

പ്രസിഡന്റ്, ഉദയനാപുരം ഗ്രാമപഞ്ചായത്ത്, കോട്ടയം ജില്ല.

സെക്രട്ടറി, ഉദയനാപുരം ഗ്രാമപഞ്ചായത്ത്, കോട്ടയം ജില്ല.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ. കെ. എം, തിരുവനന്തപുരം. (തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്).

ഐ&പിആർഡി (വെബ് & ന്യൂ മീഡിയ)

ഓഫീസ് പകർപ്പ്(ഫയൽ നമ്പർ ഇപിഎ2/128/2020-തസ്വഭവ)/ കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം
Signed by Danuja M S
Date: 06-05-2022 16:59:41

സെക്ഷൻ ഓഫീസർ